(ജി) കാർഷിക സർവ്വകലാശാലയുടെ കീഴിൽ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന 29 ഗവേഷണ സ്ഥാപനങ്ങൾ കർഷകർക്ക് പരാമാവധി പ്രയോജനപ്പെടുന്ന തരത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ആധുനികയുഗത്തിന് അനുസരണമായും നൂതന പ്രവണതകൾ ഉൾക്കൊണ്ടുമുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള നടപടികൾ കൈകൊണ്ടിട്ടുണ്ട്.

വനങ്ങളുടെ പുനരുദ്ധാരണത്തിന് പുതിയ പദ്ധതി

17 (*377) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. പി. രാഘവൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാശോന്മുഖമാക്കിക്കൊണ്ടിരിക്കുന്ന വനങ്ങളുടെ പുനരുദ്ധാരണത്തിന് സർക്കാർ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിനുവേണ്ടി എന്തെങ്കിലും പദ്ധതി തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ പദ്ധതികൾക്ക് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഡി) സാമൂഹ്യവനവൽക്കരണ പദ്ധതിപ്രകാരം വനങ്ങളുടെ പുനരുദ്ധാരണത്തിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിനുവേണ്ടി ഇതുവരെ എന്തുതുക ചെലവഴിച്ചിട്ടുണ്ട്;

(എഫ്) നാശോന്മുഖമായ വനങ്ങളുടെ പുനരുദ്ധാരണത്തിന് സർക്കാർ കൂടുതൽ പ്രാധാന്യം നൽകുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഉണ്ട്.

(ബി) രണ്ട് പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. 'വനപ്രിയ', ''വനസ്പതിവന്നു'' എന്നിവയാണ് ഈ പദ്ധതികൾ.

(സി) ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ഈ ആവശ്യത്തിനായി 1992-93 ൽ 3.69 കോടി രൂപ ചെലവായിട്ടുണ്ട്. സാമൂഹ്യവനവൽക്കരണപദ്ധതി 31.3.93-ൽ അവസാനിച്ചതിനാൽ പിന്നീട് ഈ പദ്ധതി അനുസരിച്ച് ഈ ആവശ്യത്തിനായി പണം ചെലവാക്കിയിട്ടില്ല.

(എഫ്) നൽകുന്നുണ്ട്.

നെല്ലിയാംപതി വനനശീകരണത്തെക്കുറിച്ചുള്ള റിപ്പോർട്ട്

18 (*378) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാംപതി വനനശീകരണത്തെക്കുറിച്ച് നിയമസഭാ പരിസ്ഥിതി സമിതിയുടെ റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly